KOTTAYAM PUBLIC LIBRARY

Call No. 297 Acc. No. 13805

Author ഒകുപ്പ് കെ. എസ്. കെ.

Title ഷൈഖ് മുഹ്‌യിദ്ദീൻ അബ്ദുൽ ഖാദർ ജീലാനി (റ:സി) മാഹാത്മ്യം

1063

# ശൈഖ്_മുഹ്‌യിദ്ദീൻ
# അബ്ദുൽകാദിർ ജീലാനി (ഖ: സി)
# മാഹാത്മ്യം

ഒന്നാം ഭാഗം


ഗ്രന്ഥകർത്താ:-

വൈദ്യർ_കെ. എസ്സ്. കെ. കുറുപ്പ്

പഴഞ്ഞാന.



ഒന്നാം പതിപ്പ് കോപ്പി 1000



ഗ്രന്ഥകർത്താവിന്റെ അനുവാദംകൂടാതെ
ആർക്കും അച്ചടിച്ചും അച്ചടിപ്പിച്ചും കൂടാ.



1133] [വില 0-4-6

എവറെഡി പ്രസ്സ്, കുന്നംകുളം.

297

# അവതാരിക.

13805

ശ്രീമാൻ. കെ. എസ്സ്. കെ കുറുപ്പിന്റെ സരസവും സാരഗർഭവുമായ ഈ ചെറുകവിത ഞാൻ ഒരു പരിവൃത്തി വായിച്ചപ്പോൾ എന്റെ ഹൃദയാലവാലം ആനന്ദാമൃതത്താൽ സമ്പൂർണ്ണമായിത്തീൎന്നു. ശൈഖ്. മുഹിയ്യിദ്ദീൻ എന്ന നാമധേയത്താൽ അറിയപ്പെടുന്ന ഈ പുണ്യാത്മാവിനെ കേരളീയരുടെ മുമ്പിൽ അവതരിപ്പിക്കാൻ ശ്രമിച്ച ഈ യുവകവിയുടെ ഉദ്ദേശം തികച്ചും സഫലമായി തീൎന്നിട്ടുണ്ടു്. മുഹമ്മത് മതത്തിലെ ഒരു പുണ്യപുരുഷനായ പ്രസ്തുത കഥാപുരുഷന്റെ ജീവചരിത്രം അണുപോലും വ്യതിചലിക്കാതെ സാഹിത്യപുടത്തിൽ സ്ഫുടപാകം ചെയ്തപ്പോൾ അതിന്നു് ഒരു മിഴിവും തെളിവും വന്നിട്ടുണ്ടെന്നു് പറയാം. സരളമായ രീതിയിൽ ലളിതമായ ഭാഷയിൽ അൎത്ഥസൌകുമാര്യത്തോടുകൂടി ഒരു ചാരിത്രാബ്ധിക്രടം വാൎത്തെടുത്തപ്പോൾ സഹൃദയന്മാരുടെ ഹൃദയം പ്രസാദാത്മകമായിത്തീൎന്നിട്ടുണ്ടെന്നുള്ളതു് നിർവ്വിവാദമാണു്.

പറയാനുള്ളതു് വേണ്ടതുപോലെ പറയുകയാണു്. ഒരു കവിയുടെ ധൎമ്മമെങ്കിൽ. ഈ കവി അതിൽ തികച്ചും വിജയശ്രീലാളിതനായിത്തീൎന്നിട്ടുണ്ടു്. അൎത്ഥാലങ്കാരങ്ങളുടെ സമുചിതമായ സന്നിവേശംകൊണ്ടു് കവിതാ കാമിനിയുടെ സൌകുമാര്യം പതിന്മടങ്ങു് വൎദ്ധിക്കുകയും ചൈതന്യത്തിന്നു് വെളിച്ചം വീശുകയും ചെയ്തിട്ടുണ്ടു്. ഭക്തിരസപ്രവാഹത്തിൽ രാഗാദിരേശങ്ങളുടെ

NATIONAL BOOK STALL
SPCS LTD.
K.R. KOTTAYAM

നിരാകരണം മൂലം ഏറെയൈനെമ്മല്യം കൈവരുത്തിയ കവി ആസ്തിക്യതത്തിന്റെ പരമോച്ചകോടിയിൽ വർത്തിക്കുന്നുണ്ടെന്നുപറയാം. ഇദംപ്രഥമമായ ഈ ഖണ്ഡകവിതയുടെ രചനയിലും അവതരണത്തിലും ഉത്സുകനായ ഈ യുവകവിയെ സാഹിത്യരംഗത്തിന്നു പരിചയപ്പെടുത്തിക്കൊടുപ്പാൻ അവസരം ലഭിച്ചതിൽ ഞാനും കവിയോടൊപ്പം ചാരിതാർത്ഥ്യത്തിന്നവകാശിയായി തീന്നിട്ടുണ്ടു്. ഇദ്ദേഹത്തിന്റെ സാഹിത്യനിർമ്മാണോത്സാഹം ഉത്തരോത്തരം വിജയിക്കട്ടെയെന്നുമാത്രം തല്ക്കാലം പറഞ്ഞുകൊള്ളുന്നു.

എന്നു്,

വിദ്വാൻ. കെ. കെ. ഉണ്ണി.

# അഭിപ്രായം.

ശ്രീമാൻ കെ. എസ്സ്. കെ. കരപ്പിന്റെ ഈ ശൈഖ് മുഹിയുദ്ദീൻ, മാഹാത്മ്യം എന്ന ചെറുകൃതി അലങ്കാരംകൊണ്ടും ചമൽക്കൃതികൊണ്ടും വലിയ പ്രശസ്തിയില്ലെങ്കിലും ഹിന്ദുമുസ്ലിം മൈത്രിയുടെ ഒരു നവോപഹാരമായി കൈരളീദേവിയുടെ നിർമ്മലപാദങ്ങളിൽ നിരന്തരം പരിലസിക്കുമെന്നുള്ളതിന്നു് യാതൊരു സംശയവുമില്ല.

എന്നു്,

സ്വാമി:- സൂവിമാരാനന്ദ്

# മുഖവുര.

ഈശ്വരഭക്തന്മാരിൽ അദ്വിതീയനും സുപ്രസിദ്ധ മഹാനുമായ ശൈഖ് മുഹ്‌യിദ്ദീൻ അബ്ദുൽകാദിർ ജീലാനി (ഖ: സി:) അവർകളുടെ ജീവചരിത്രത്തിൻേറയും സാരോപദേശങ്ങളുടേയും സംക്ഷേപമാണ് ഈ ചെറുകൃതി എന്നാൽ വിശ്രുതപുണ്യപുരുഷനായ ഈ മഹാത്മാവിൻെറ ജീവിതവൃത്താന്തങ്ങൾ അറബ് ഭാഷയിലായതുകൊണ്ടും അതിൽ പാണ്ഡിത്യമില്ലാത്തവക്കും ഇതരമതസ്ഥന്മാരായ സഹൃദയന്മാക്കും ലോകഗുരുവായ ആ മഹാത്മാവിൻെറ സദുപദേശങ്ങളേയും അത്ഭുതസംഭവങ്ങളേയും അറിയുവാൻ വേണ്ടിയാണ് ഈ ഗ്രന്ഥരചനക്ക് ഞാൻ പ്രേരിതനായത്. വിശിഷ്യ അറബ് മഹാപണ്ഡിതനും ആത്മീയചിന്തകനുമായ അൽഹാജ് ഇ. കെ. ഉമ്മർ മുസല്യാർ (പഴന്നാന പള്ളി) മുദരിസ് അവർകളോട് പ്രസ്തുത കഥാപുരുഷൻെറ ചരിത്രപരമായി ഞാൻ വളരെ കടമപ്പെട്ടവനാണ് എന്നുള്ള സംഭവത്തെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. വിശിഷ്യ ഈ കവിതയിൽ സാഹിത്യപരമായി പല സ്ഖലിതങ്ങളെ ചൂണ്ടിക്കാണിച്ചു പിഴവു തീൎത്തുതന്ന സ്വാമി:- സുവിചാരാനന്ദ് ഗുരുദേവരോടും വിദ്വാൻ കെ. കെ. ഉണ്ണി അവർകളോടും എനിക്കുള്ള അകൈതവമായ കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

കൂടാതെ ഈ പുസ്തകം ക്ഷണത്തിലും ഭംഗിയായും അച്ചടിച്ചുതന്ന എവറെഡി പ്രസ്സുകാരോടും ഞാൻ നന്ദി പറയുന്നു.

എന്ന്, കെ. എസ്. കെ. കരപ്പ്

പഴന്നാന.

ഗാഥ

പണ്ടൊരു ദിവ്യനബിയായി വന്ന ഹാ!
"മുഹ്‌യിദ്ദീൻ" ഗുണോത്തമ ശ്രീവിലാസൻ. മുഹ്-
ലോകത്തിൽ ജ്ഞാനവിജ്ഞാനമാം പൊന്നയർ
ധാരിവിതറുവാൻ വന്ന ഭവ്യൻ.
അത്തിരുമേനിതൻ ശൈശവ കാലത്തിൽ
സത്യസ്വരൂപനാണാത്മ സിദ്ധൻ
സത്യം, സമത്വം, സുബോധം, സുശാന്തിയും,
കൃത്യം, ദയ, ഭക്തി, സദ്ഗുണങ്ങൾ.
എന്നിവകൊണ്ടു നിറഞ്ഞൊരു സൃഷ്ടിയാം-
ണപ്പുണ്യ വിഗ്രഹൻ നീതിശാലി
തൻപ്രിയ മാതാവന്നോതോരവസര-
മോതാറുണ്ടമ്മഹാൻ തന്റെ കാര്യം
എന്നുടെ ബാലകൻ നോമ്പുകാലങ്ങളിൽ
രാത്രിയിൽ മാത്രമെ,യെന്മുലപ്പാൽ
പാനം ചെയ്യാറുള്ളു, മററുള്ള നേരത്തിൽ
നോമ്പുകൾ നോല്ക്കുകയായിരിക്കാം.
ഈ വിധമാചരിച്ചീടും വ്രതങ്ങളിൽ
വാശി വിശപ്പുകളൊട്ടുമില്ല,
"അല്ലാഹു"വെന്നൊരു സന്നാമം കേൾക്കുമ്പോ-
ളെന്മകനുൾ പൂവിനെത്ര മോദം!
ശാന്തിതിരണ്ടുള്ള കണ്ണിണകൊണ്ടെന്നെ
സൂക്ഷിച്ചു നോക്കിടുമെപ്പൊഴും ഹാ!
ഇത്തരമോരോരൊ പ്പൊന്നണി വേളയി-
ലെത്രയോ ഭാവങ്ങൾ മാറി മാറി.
കാണുന്നിതോമനത്തന്മുഖത്തിങ്കളിൽ

ചേണൊന്ന സത്യത്തിൻ പൊൻ പുലരി,
ലോകത്തിലോരോരൊ യജ്ഞാനക്രൂരിരുൾ
കാണുമ്പോളെത്രയോ ദുഃഖിച്ചിടും,
അപ്പോൾ മുളക്കുന്ന ദുർവ്വാശി വിത്തുക-
ളാരാരെ വേദനിപ്പിച്ചിടാത്തു
ഓമനപ്പൈതൽതാൻ വേദലോകത തതംങ്ങൾ
ത്തുമകലുന്നിടനോതി നില്ക്കും.
അമ്മണിക്കുഞ്ഞുതന്നോമനപ്പുഞ്ചിരി-
ച്ചന്ദ്രികക്കൊണ്ടെന്നെ മോദിപ്പിയ്ക്കും
മാലോകരുള്ളത്തിലാനന്ദം വായ്ക്കുന്ന
പുണ്യഗാനാമൃതം തൂകി നില്ക്കും.
ഉണ്ണിമാർ തന്നോട്ടു കൂടവെ മോദമായ്,
കല്ലിലും, മുള്ളിലും, പൂഴിയിലും,
ലീലകൾ ചെയ്യുന്ന വേളകളോർക്കുമ്പോ-
ളെന്മനം ഹന്ത! തപിച്ചിടുന്നു.
എന്മുല നൽകുവാൻ ചെന്നണഞ്ഞിടുക്കുമ്പോ-
ളുല്ലാസം കോലുന്നവായ്മലർത്തേൻ
ചാലേ നനച്ചിടും മാർവ്വിടത്തട്ടിങ്ക —
ലാനന്ദത്തൊടെൻെറ പ്പൊന്നു തങ്കം.
വെണ്ണയും പാലും ഞാൻ വേണ്ടവിധത്തിലാ-
യുണ്ണിവയർ നിറവോളം നൽകും
വിസ്മയമാണ്ട ഗുണങ്ങളെ യോർക്കുമ്പോൾ
കണ്ണുനീരല്ലാതെ മറെറാന്നില്ല.
അമ്മഹാത്മാവിന്റെ ശൈശവം മെല്ലവെ
വല്ധിച്ചു വന്നിതു നാളിൽ നാളിൽ
കഷ്ടിച്ചുന്നോളുവാൻ കാലമടുത്തപ്പോൾ

പള്ളിയിൽ പോകണമെന്നുരയ്ക്കും.
പാപ കർമ്മങ്ങളെ ക്കൊണ്ടന്നാളെന്മകൻ
ബോധമില്ലാതെ, ഹാ! വീണിടുന്നു
സത്യമല്ലാത്തുള്ള ദുർവ്വാക്കു കേൾക്കുമ്പോൾ
കണ്ണിൻപുടങ്ങളെ പ്പൊത്തുമുണ്ണി.
രാവിലെ സർവ്വ നമസ്കാരം ചെയ്തല്ലാ-
തെമ്പെന്തലോചനം ചെയ്യാറില്ല,
ഓത്തുവാൻ കുട്ടികൾ പ്പോകുമവസരം
വാശി പിടിച്ചിട്ടും കൂടെപ്പോകാൻ.
ഈ വിധമാണെന്റെ യുണ്ണിതൻ ചിന്തിത-
മെന്നു പറയാറുണ്ടമ്മതാനും
ആദ്യം പഠിക്കുവാൻ തന്നമ്മ നിർദ്ദേശം
സ്വീകരിച്ചൻപിനാൽ കൂടെ പ്പോയി.
നിത്യ മിടവിടാതമ്മഹാൻ, വേദങ്ങൾ
സശ്രദ്ധയോടും പഠിച്ചിടുന്നു
വേഗത്തിൽ വേദത്തിൻ സൽപ്പൊരുളാരാഞ്ഞു
സന്തുഷ്ടചിത്തനായ്, തീർന്നിടും താൻ.
തന്നാത്മ ശാന്തിക്കായ് "ല്ലാഹു" വല്ലാതെ
യന്യമില്ലെന്നതറിഞ്ഞ തത്വം
തന്നോടുകൂടെ പഠിക്കുന്നോർക്ക് ഹോ!
സത്യോപദേശങ്ങളോതിടുന്നു.
നമ്മളിലെത്രയോ രാഗാദി രോഗങ്ങൾ
സാഹസന്മാരായി വർത്തിക്കുന്നു
അപ്പെരും ദുർബ്ബോധ ക്രൂര മൃഗങ്ങളെ
ദൂരെയകററി നാം നിർത്തിടേണം.
ഇക്കാണും ബ്രഹ്മാണ്ഡ ഭാണ്ഡങ്ങളൊക്കെയും

നശ്വരം, ഹന്ത! മഹേന്ദ്ര ജാലം,
ആത്മാവിലാത്മാവെ ചേൎത്തുനാമെല്ലാരും
"അല്ലാഹ്" തൻ പദം കുമ്പിടേണം.
പഞ്ചഭൂതാത്മകു മാകുമീ ദേഹത്തിൽ
ശീതോഷ്ണസൌഖ്യങ്ങളെന്നിവയാൽ
കെട്ടിപ്പൊതിഞ്ഞതുൎണെന്നോൎത്തുകൊള്ളുവി-
നൽപ്പൂവിൽ ഭക്തിയെക്കൈവരിച്ചും
ഇത്യാദിതത്വപ്പൊരുളിനെയല്ലാതെ
മിത്ഥ്യയായൊന്നുമെ, യോളുകില്ല.
പിന്നെയൊരുദിനം മാതാവോടോതിനാൻ:-
"ബഗ്ദാദി"ൽ ഞാനൊന്നു പോയിടട്ടെ,
വേദം പഠിക്കുവാൻ, കല്പനതന്നാലു-
മെന്നു പറഞ്ഞപ്പോൾ, സമ്മതിച്ചു.
എന്നാൽ പുറപ്പെട്ടു കോമനെ! നീയെന്നും
സത്യമല്ലാതെ പറഞ്ഞിടൊല്ലെ,
എന്നു പറഞ്ഞുടൻ പൊൽക്കാശു നാല്പതും
കഞ്ചുകം തന്നിലായ് ചേൎത്തിണക്കി.
തന്മകനെ വിളിച്ചോതിനാൾ, ഹൃദ്യമായ്
ജ്ഞാനോപദേശമനവരതം
നിന്നുടെ രക്ഷക്കായ് വാരവാണത്തിൽ ഞാൻ
വെച്ചിട്ടുണ്ടോമനെ! പ്പൊൻനാണ്യങ്ങൾ.
ഒട്ടും വ്യസനിക്ക വേണ്ട നീ പോവുക
"അല്ലാഹ്" നിന്നെയും കാത്തിടട്ടെ;
അമ്മതൻ കാരുണ്യപ്പൈന്തേന്മൊഴികളെ
സന്മോദത്തോട ഹൊ! കേട്ടനേരം.
തന്മാതൃപ്പൊൽപ്പദതാരുകൾത്തങ്കലായ്

വീണ്ടു നമസ്കരിച്ചാടലെന്യെ
യാത്രപറഞ്ഞു ഹാ! പോകുന്ന നേരത്തു
കാണായിതത്തുളതസ്സൗചകങ്ങൾ.
ഉച്ചക്കൊട്ടും വെയിലച്ചാരു രൂപത്തെ
മെച്ചമായ് സേവിപ്പാനെന്നപോലെ
രൂക്ഷതകൈവിട്ടു ശൈഥില്യം ചേർന്നങ്ങു
മങ്ങിത്തുടങ്ങിയു മെല്ലെ, മെല്ലെ.
അംബരപ്പൂന്തോപ്പിൽ സ്സുന്ദരമാനുള്ള
താരകപ്പൂക്കൾ, വിരിഞ്ഞുനിന്നില്ലേ,
ദേവപ്പരിഷകളത്തൂതാഹ്ലാദത്താൽ
സൂനങ്ങളെമ്പാട്ടും വർഷിക്കുന്നു.
വല്ലികളാകിയ നർത്തികിമാരെല്ലാം
സല്ലീലനൃത്തം സമാചരിപ്പൂ.
തൈതെന്നൽ പൂമണം മുത്തിക്കൊണ്ടുമ്മേനി-
യാകവെ മന്ദമായ് വീശിടുന്നു.
പക്ഷികളൊക്കവെ ശാന്തമധുരമായ്
ഭക്തിഗാനാമൃതം തൂകിടുന്നു.
ഇത്ഥം പ്രകൃതിയൊരുക്കുന്നു തന്റടെ
മംഗളയാത്രയിൽ നിസ്തുലം ഹാ!
ഏകാഗ്രചിത്തനായ് പോകുന്നു നിർമ്മലൻ
ഭക്തിയാൽ ലോകത്തിൽ കാന്തിവീശി.
ഓരോരോ രാജ്യങ്ങൾ പിന്നിട്ടു പിന്നിട്ടു
മുന്നോട്ടു പോകുന്നു യോഗിവര്യൻ
ഇങ്ങിനെ പോകും സമയത്തിൽ സന്ധ്യയാം
നർത്തനം ചെയ്യുന്നു കണ്ടുസിദ്ധൻ
ആശാവധൂടിതൻ പൂങ്കവിളിൽ സചയം

രാഗാഭമിന്നിത്തിളങ്ങിനിൽക്കെ
അന്തിമസൂര്യ്യന്റെപ്പൊൻകതിർപ്പട്ടുകൾ
ചന്തമായ് ഭൂവിൽ വിരിച്ചുനീളെ
ഇത്തരം ലോകപ്രകൃതിതൻ സുന്ദര—
മോരോന്നും ഹൃത്തിൽ ധരിച്ചുകൊണ്ടും
പോകും വഴിമദ്ധ്യത്തിങ്കലായുണ്ടൊരു
സാമ്രാജ്യസമാകും "ഹമലാൻ" രാജ്യം
അപ്പെരും കാനനത്തിങ്കൽ കടക്കവന്നു
ക്ഷീണനായെങ്കിലും വിശ്രമിപ്പാൻ
തൃപ്പദത്താരിനു പട്ടുകിടക്കയാം-
യക്കൊട്ടുംകാട്ടിലെ കൽക്കലങ്ങൾ
ചന്തമെഴുന്നൊരു സന്ധ്യയാൾ മെല്ലവെ
ചന്തത്തിൽ നിന്നു മറഞ്ഞനേരം
യാമിനിയായൊരു പൂന്തേന്മൊഴിവന്നു
നീലത്തഴൽക്കുഴൽ ചീകിച്ചീകി -
താരകളാം നറുംമുല്ലമലരുക—
ളാകാശവാടിയിൽപ്പുഞ്ചിരിക്കെ
സുന്ദരമാസ്സുള്ളച്ചെമ്പകം തൻപൂക്ക—
ളെമ്പാടും വാരിവിതറിനില്ക്കെ
കോമളവല്ലികൾ നല്ല മരങ്ങളെ
സാമോദം ചെന്നു തഴുകിനില്ക്കെ
ചെമന്തി മല്ലിക മുല്ലനിരകളും
മേളത്തിൽ പൂത്തു വിരിഞ്ഞുനില്ക്കെ
ബാലവസന്തശ്രീതന്നുടെ മോഹന—
ലീലാവിലസിത മണ്ഡപംപോൽ
ആവനരാജശ്രീയ്ക്കൊന്നൊരു മാക്കപ്പഴ
മുത്സവം കൊണ്ടാടിയെന്നുതോന്നും
അദ്ദിവ്യനാഗമ മദ്ഭുതം കണ്ടേററ
മീവണ്ണം പുത്തൻ പ്രകൃതിവേഗം
അപ്പുഷ്പാൾ തീർക്കുന്ന നിസ്തുല ശ്രീകര—

മോരോരോക്കാളുകൾ സമ്പ്രഹർഷം
ക്രൂരമൃഗാദികളാത്മമിത്രങ്ങളായ്
പക്ഷികളൊക്കെയും പാട്ടുകാരായ്
ക്രൂരിരുട്ടാകവെ വന്നു കയത്തെല്ലാ
പാരാകെ ഘോരതരത്തിലേവം
അമ്മഹാത്മാവിൻ ഭീകരമായൊരി-
ക്കാട്ടുകൾ സ്വർഗ്ഗമായ് മാററിനിൽപ്പൂ
ആത്മീയധ്യാനത്താൽ തന്നെത്താൻ വിസ്മരി-
ച്ചാനന്ദത്തോടെ നടന്നിടുമ്പോൾ
അക്കൊടും കാട്ടിൽനിന്നേതോരു ഘാതകൻ
ചിക്കെന്നെ വന്നെത്തി തന്നടുക്കൽ
എങ്ങോട്ടു പോയിടുന്നെന്നൊന്നു ചോദിച്ചാ-
നന്നേരം പൊന്നു തിരുമേനി മുന്നിൽ
നില്ക്കുന്ന കാലനെപ്പോലൊരു സത്വം ഹാ!
ചോരപ്പുരണ്ടുള്ള മേനിയുമായ്
പുഞ്ചിരിത്തൂകിതാൻ "അല്ലാഹു" വെന്നൊരു
നാമമുരുക്കഴിച്ചാത്മാവിങ്കൽ
അന്നേരം ഘാതകൻ ചോദിച്ചിതീവിധം
നിൻകരതാരിങ്കലൊന്നുമില്ലെ
കാരുണ്യതോയത്തിൽ മുങ്ങിനിന്നോതിനാ-
നാനന്ദച്ചിത്തനായ് ശാന്തം ശാന്തം
അമ്മയാൽ തന്ന വരാഹങ്ങളെമ്പാടു—
മെൻവശം തന്നിലങ്ങുണ്ടുതാനും
മാതാവിന്നാജ്ഞയെ സ്വീകരിച്ചോതിനാ—
നപ്പോഴെ "ഘാതകൻ" മൌനം പൂണ്ടു
പിന്നെക്കുറച്ചൊന്നു മെല്ലെനടന്നപ്പോ
ളെത്തിപ്പെട്ടീടിനാർ ദുഷ്ടർക്കൂട്ടം
ആയതിലൊന്നാമൻ ക്രുദ്ധിച്ചങ്ങോതിനാ—
നെങ്ങോട്ടുപോകുന്ന സത്വരം നീ.
ആരെയും പേടിയാതിക്കൊടും കാട്ടിങ്ക

ഖാമോദത്തോട ഹൊ! പോയിടുന്ന
നിന്നുടെ കാര്യ്യം വിഷമമാണോക്കണെ.
ജീവനിലാശ നിനക്കുമില്ലേ,
എന്നവൻ ചോദിച്ചു മററവരൊന്നിച്ചു
ചോരകുടിച്ചുള്ള വാളുമായി
തന്റെ പരിസരം നിന്നു പലതരം
ചോദിച്ചു നില്ക്കുന്നു കഷ്ടം! കഷ്ടം!
എന്തെടോ മിണ്ടാതെ നില്ക്കുന്നു മററൊരു-
ഭാവത്തെ പൂണ്ടുള്ള കോലവുമായ്
കണ്ടായൊ ഞങ്ങടെ കയ്യിൽത്തിളങ്ങുന്ന
ഖഡ്ഗം നിൻ ചോരകുടിക്കുമിപ്പോൾ
വല്ലതുമുണ്ടെങ്കിൽ നല്കുകയല്ലെങ്കിൽ
വാളിതാ നിൻഗളം നോക്കിനില്പൂ.
ഈവിധം വാക്കിനെക്കേട്ടപ്പോൾ ത്യാഗവാൻ
ഭക്തിയൊഴുകുന്ന മട്ടിലോതി
ഒട്ടും വലയേണ്ട സോദരാ! താങ്കൾക്കു
വല്ലതും പൊൻനാണ്യം തന്നിടാം ഞാൻ.
സംശയം വേണ്ടയെന്നാത്മമിത്രങ്ങളെ!
വന്ദനം വന്ദനം നിങ്ങൾക്കെന്നും
ഇത്ഥം മഹാശയൻ സത്യമൊഴികളെ
സത്വരം കേട്ടതിലൊന്നാമന്റെ
തത്തരപാരം തളർന്നഹൃദയത്തി—
ലേതൊരുശ്ശക്തിതൻ തേജഃപ്പുഞ്ജം
പെട്ടെന്നു വന്നപോൽ ഞെട്ടിയുണർന്നുതൻ
പൊൻപ്പദതാരിങ്കൽ വീണു പാവം
ഞങ്ങൾ ചെയ്തുള്ളൊരിത്തെററുകൾക്കൊക്കെയും
മാപ്പുനല്കീടണം സത്യമൂർത്തെ!
എത്രയൊകാലമായ് ഞങ്ങളിതേവിധം
ഘോരകൃത്യങ്ങളെച്ചെയ്തുപോന്നു.
ഓരോദിനത്തിങ്കലെത്രയോ മർത്യരെ

വാളിന്നിരയാക്കിത്തീർത്തിടുന്നു.
"അല്ലാഹ്"വെന്നുള്ള നാമമിതേവരെ
യുച്ചരിച്ചിട്ടില്ല ലേശം പോലും
എന്തിനി ഞങ്ങൾ ചെയ്യേണ്ടു വഴികളെ
പൊന്തിരുമേനി പറഞ്ഞിടേണം
കണ്ണുനീർമാലകൾ വാർത്തു മഹാശയൻ
ഏൽക്കനിഞ്ഞാരോന്നുരച്ചീടുന്നു.
നിങ്ങളിതേവരെച്ചെയ്തുള്ളവയെല്ലാം
മാപ്പുനല്കീടട്ടെ! സത്യരൂപൻ.
ഇന്നിനി മേലിലായേതൊരു ജീവികൾ-
ക്കൂനം വരുത്താതെ ശാന്തം ശാന്തം.
വേദത്തിലുത്തമ തത്വമേകാദശ—
കർമ്മങ്ങളൊന്നും വെടിഞ്ഞിടാതെ.
അഞ്ചു നേരത്തിലും പഞ്ചേന്ദ്രിയങ്ങളെ
തന്നെത്താൻ മന്ദമടക്കിക്കൊണ്ടും
"അല്ലാഹ്"തൻ പദം മാനസം വെച്ചുടൻ
ഭക്ത്യാ സ്മരിക്കുവിൻ കൃത്യമായി
നിത്യവുമീവിധം ചെയ്യുക നിങ്ങളു
മെന്നാകിൽസ്സർവ്വവിഭൂതിയെല്ലാം
വന്നു പ്രകാശിക്കും സംശയം വേണ്ടനാൽ--
ക്കാര്യങ്ങളൊക്കെയും കൈവരട്ടെ!
അന്നുമുതല്ക്കവർ ശുദ്ധരായ്ത്തീർന്നഹോ!
വല്ലാതൊരാശ്ചര്യത്തോടും കൂടെ
ദൈവീകശ്ശക്തിയാലേതിലും കാണുന്നു
ഭക്തിതൻ നിസ്തുല സദ്പ്രകാശം.

13805

* ശുഭം *

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. 297 Acc. No. 13805

This book should be returned on or before the date last stamped below.

29 APR 1987

൨൯൭ 13405

കുറുപ്പ്. കെ. എസ്. കെ.

ശൈഖ് - മുഹ്‌യിദ്ദീൻ അബ്ദു
ൽഖാദർ ജീലാനി (റ: അ)
മാഹാത്മ്യം.

OTTAYAM PUBLIC LIBRARY

Call No. 297 Acc. No. 13805

Author [illegible]

Title [illegible]

Indic Digital Archive Foundation
gpura.org